"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം-ഇടുക്കി ജില്ല- VC-12/2026/IDK വിജിലൻസ് കേസിൽ അറസ്റ്റിലായ തൊടുപുഴ മുൻസിപ്പാലിറ്റിയിലെ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.ജോസ്.എം.പി (PEN:685516)-യെ സർവ്വീസിൽ നിന്നും സസ്പെൻറ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (EWA) വകുപ്പ്**

സ.ഉ.(സാധാ) നം.1572/2026/LSGD തീയതി,തിരുവനന്തപുരം, 21-08-2026

---

പരാമർശം:-
1. ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, വിജിലൻസ് ഇടുക്കി യൂണിറ്റ്, മുട്ടം ലഭ്യമാക്കിയ 28.07.2026 തീയതിയിലെ VC-12/2026/IDK നമ്പർ കത്തും പ്രഥമ വിവര റിപ്പോർട്ടും.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30-07-2026 ലെ LSGD/PD/24416/2026-VIGB4നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

തൊടുപുഴ വില്ലേജിൽ, തൊടുപുഴ മുനിസിപ്പാലിറ്റിയിൽ, ചുങ്കം കരയിൽ "കാളിമഠം" എന്ന പേരിൽ 2026 ഏപ്രിൽ മാസം വരെ പ്രവർത്തിച്ച വന്നിരുന്ന ആയുർവേദ ഹോസ്പിറ്റലിന്റെ പുതിയ കെട്ടിടത്തിന് കംപ്ലീഷൻ സർട്ടിഫിക്കറ്റിനായി അപേക്ഷ സമർപ്പിച്ച കെട്ടിട ഉടമ ഡോ.വിഷ്ണുദാസിനോട് കൈക്കൂലി ആവശ്യപ്പെട്ടതുമായി ബന്ധപ്പെട്ട് ടിയാൻ സമർപ്പിച്ച പരാതിയിന്മേൽ, 24.07.2026-ൽ U/s 7(a), 7(b) of the Prevention of Corruption Act 1988 amended by the Prevention of Corruption (Amendment) Act 2018 & Bharatiya Nyaya Sanhita (BNS)-2023 യിലെ Section 351(2) പ്രകാരം രജിസ്റ്റർ ചെയ്ത VC-12/2026/IDK കേസിൽ ആവലാതിക്കാരന്റെ പക്കൽ നിന്നും 75,000/- രൂപ കൈക്കൂലി കൈപ്പറ്റിയതിനെ തുടർന്ന് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.ജോസ്.എം.പി വിജിലൻസ് ട്രാപ്പിൽ 27.07.2026-ൽ വൈകുന്നേരം 6.40-ന് അറസ്റ്റിലാവുകയും 28.07.2026-ൽ ടിയാനെ ബഹു.എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോടതി, മുവാറ്റുപുഴ 11/08/2026 വരെ റിമാൻഡ് ചെയ്തിട്ടുണ്ടെന്നും, ടിയാനെതിരെ വി.സി 12/2026/IDK നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും പരാമർശം (1) പ്രകാരം വിജിലൻസ്, ഇടുക്കി യൂണിറ്റ് , മുട്ടം , ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് അറിയിച്ചതായി പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയും, പ്രസ്തുത അറസ്റ്റിനെത്തുടർന്ന് ടിയാനെ സസ്പെൻഡ് ചെയ്യുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൈക്കൂലി വാങ്ങിയതിന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വിജിലൻസ് കേസിൽ 27.07.2026-ൽ വൈകുന്നേരം 6.40-ന് അറസ്റ്റ് ചെയ്യപ്പെട്ട തൊടുപുഴ മുൻസിപ്പാലിറ്റിയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

ശ്രീ.ജോസ്.എം.പി-യെ, ടിയാൻ അറസ്റ്റ് ചെയ്യപ്പെട്ട അതെ ദിവസം (27.07.2026-ൽ) അപരാഹ്നം പ്രാബല്യത്തിൽ 1960-ലെ കേരള സിവിൽ സർവ്വീസസ് ( തരം തിരിക്കലും, നിയന്ത്രണവും , അപ്പീലും ) റൂൾസിലെ ( KCS(CC&A) Rules) ചട്ടം 10(1), 10(3) പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

സസ്പെൻഷൻ കാലയളവിൽ ടിയാൾക്ക് കെ.എസ്.ആർ ഭാഗം I ചട്ടം 55 പ്രകാരമുള്ള ഉപജീവന ബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഇന്ദു.എസ്.

അഡിഷണൽ സെക്രട്ടറി

1. ശ്രീ.ജോസ്.എം.പി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, (PEN:685516), തൊടുപുഴ മുൻസിപ്പാലിറ്റി (തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. വിജിലൻസ്(F) വകുപ്പ്.
4. വിജിലൻസ് ഡയറക്ടർ, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
6. തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ്
7. വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.(EWA3/161/2026-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Dileep D
Date: 21-08-2026
16:16:22

സെക്ഷൻ ഓഫീസർ